സാമ്പത്തിക നിയന്ത്രണങ്ങളിൽ ഇളവ് വേണമെന്ന ആവശ്യം

9 (*8) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. രാജു :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധന അച്ചടക്ക നിയന്ത്രണങ്ങളിൽ ഇളവ് വേണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ് വായ്പയായി എടുക്കാൻ അനുവദിച്ചിട്ടുള്ളത് ; ഇതിൽ എത്ര ശതമാനം വർദ്ധനയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എപ്പോഴെങ്കിലും ട്രഷറി പൂട്ടിയിട്ടുണ്ടോ ;

(ഡി) അടുത്ത സാമ്പത്തിക വർഷം ഖജനാവ് സമ്പന്നമായിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ&ബി) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2010-11, 2011-12 എന്നീ വർഷങ്ങളിൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 3.5 ശതമാനമാണ് വായ്പയായി എടുക്കുവാൻ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നല്കിയിട്ടുള്ളത്. ഇതിൽ 0.5 ശതമാനം വർദ്ധനവ് നല്കി 2010-11 സാമ്പത്തിക വർഷത്തിലോ, 2011-12-ലോ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ആഭ്യന്തര ഉല്പാദനത്തിന്റെ 4 ശതമാനമായി ഉയർത്തി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് അനുവദിച്ച് നൽകുകയാണെങ്കിൽ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള State Specific Grants, N.S.S.F.-ന്റെ പലിശയിനത്തിൽ ശുപാർശചെയ്ത ഇളവ് എന്നിവ ലഭിക്കുന്നതിനായി ധന അച്ചടക്ക നിയന്ത്രണങ്ങളിൽ ഇളവ് കേന്ദ്രം അനുവദിച്ച് നൽകേണ്ടതായുണ്ട്.

(സി) ഇല്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

ധനമേഖലയിലെ പ്രവർത്തനങ്ങൾ

10 (*9) ശ്രീ. രാജു എബ്രഹാം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സർക്കാരിന്റെ ധനമേഖലയിലെ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് ധന സുസ്ഥിരത കൈവരിക്കുന്നതിന് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തനത് വരുമാനം എത്രകോടിയായിരുന്നു ; 2010-11-ൽ തനത് വരുമാനം എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) സാമൂഹ്യക്ഷേമ പദ്ധതികൾക്കും പരമ്പരാഗത മേഖലയ്ക്കും സർക്കാർ എത്രമാത്രം മുൻഗണന നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി-പദ്ധതിയേതര ചെലവുകൾക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ധനകാര്യ വപ്പുമന്ത്രി (ഡോ. തോമസ് എസക്) :

(എ) സർക്കാരിന്റെ ധനമേഖലയിലെ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ഗണ്യമായി ഉയർത്തി ധനസുസ്ഥിരത കൈവരിക്കുന്നതിൽ വിജയിക്കാനായിട്ടുണ്ട്. 2005-06 സാമ്പത്തികവർഷം മുതൽ ട്രഷറികൾ പ്രവർത്തിപ്പിക്കുന്നതിന് റിസർവ്വ് ബാങ്കിൽനിന്നുള്ള വെയ്സ് ആന്റ് മീൻസ്, ഓവർ ഡ്രാഫ്റ്റ് എന്നിവയെ ആശ്രയിക്കുന്നത് ക്രമാനുഗതമായി കുറച്ചുകൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനം ഒരുദിവസംപോലും ഓവർ ഡ്രാഫ്റ്റിലായിട്ടില്ല. നടപ്പു സാമ്പത്തിക വർഷം നാളിതുവരെ ഇത്തരത്തിലുള്ള യാതൊരു വായ്പകളേയും ആശ്രയിക്കാതെ എല്ലാദിവസവും ട്രഷറി ഇടപാടുകൾ നടത്തിക്കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2005-06 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനതുവരുമാനം 10715.4 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾപ്രകാരം 2010 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ ഈ വർഷത്തെ തനതു വരുമാനം 16477.87 കോടി രൂപയാണ്.

(സി) സാമൂഹ്യക്ഷേമ പദ്ധതികൾക്കും പരമ്പരാഗത മേഖലക്കും സർക്കാർ മുന്തിയ പരിഗണനയാണ് നാളിതുവരെ നൽകിവരുന്നത്. സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ 300 രൂപയായി വർദ്ധിപ്പിച്ചു. ഇവയുടെ കുടിശ്ശിക തീർക്കുന്നതിന് മുന്തിയ പരിഗണനനൽകി. വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആകെ 669 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ ആകെ 1947 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചുകഴിഞ്ഞു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള പട്ടികവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ആശ്രയ സ്കീം കുടുംബങ്ങൾ എന്നിവർക്കും കിലോക്ക് 2 രൂപയ്ക്ക് റേഷനരി ലഭ്യമാക്കിവരുന്നു. ഭക്ഷ്യ സബ്സിഡിക്കായി ഈ വർഷംമാത്രം 278 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. ദുർബ്ബല വിഭാഗങ്ങളുടെ ഭവനവായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുമൂലം 41,500-ൽപ്പരം കുടുംബങ്ങൾക്ക് ആശ്വാസം

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വായ്പയെടുത്ത പട്ടികജാതി/പട്ടികവർഗ്ഗക്കാർ, പരിവർത്തിത ക്രൈസ്തവർ എന്നിവരുടെ വായ്പകളിന്മേലുള്ള പലിശയും പിഴപലിശയും 25,000 രൂപവരെയുള്ള മുതലും എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചു. ഇ.എം.എസ്. ഭവന പദ്ധതിയുടെ പലിശ ബാദ്ധ്യത, ഭവനശ്രീ വായ്പ എന്നിവ സർക്കാർ ഏറ്റെടുത്തു. കൂടാതെ സാധാരണക്കാർക്കുള്ള ഒരുലക്ഷം എം.എൻ. ഭവനപുനരുദ്ധാരണ പദ്ധതിയും നടപ്പിൽവരുത്തി.

പരമ്പരാഗത മേഖലകളുടെ സംരക്ഷണം ലക്ഷ്യമിട്ട് നടപ്പുവർഷത്തെ ബഡ്ജറ്റിൽ 246 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2010-11 കയർ വർഷമായി ആചരിക്കുകയാണ്. കയർ ഉൽപ്പന്നങ്ങുടെ ന്യായവില ഉറപ്പുവരുത്തുന്നതിന് വിലസ്ഥിരതാഫണ്ടിന് രൂപംനൽകി. കശുവണ്ടി തൊഴിലാളികളുടെ 2006-വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക സർക്കാർ ഏറ്റെടുത്തു. ഹാന്റ്ക്സിന്റേയും ഹാൻവിവിന്റേയും പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കിവരുന്നു. ടെക്സ്ഫെഡിന്റേയും ടെക്സ്റ്റയിൽ കോർപ്പറേഷന്റേയും കീഴിലുള്ള മില്ലുകൾ നവീകരിച്ചതിനുപുറമേ പൊതു റോ മെറ്റീരിയൽ ബാങ്ക് ആവിഷ്ക്കരിക്കുകയും ചെയ്തു.

(ഡി) പദ്ധതി-പദ്ധതിയേതര ചെലവുകൾക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തേണ്ടിവന്നിട്ടില്ല.

സ്മാർട്ട്സിറ്റി പദ്ധതി

11 (*10) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ സ്മാർട്ട്സിറ്റി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ടീകോമുമായി നടത്തുന്ന ചർച്ചയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ചർച്ചക്കായി ദുബായ് സർക്കാരിന്റെ പ്രതിനിധിയെ കേരളത്തിലേക്ക് ക്ഷണിച്ചിട്ടുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ :

(സി) തർക്ക വിഷയങ്ങൾ സംബന്ധിച്ച് നടത്തിയ മധ്യസ്ഥ ചർച്ചയിൽ കാര്യമായ നേട്ടം ഉണ്ടായിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ&ബി) കേരള സർക്കാരിന്റെ ക്ഷണം സ്വീകരിച്ച് മുഖ്യമന്ത്രിയുമായി നേരിട്ട് ചർച്ച നടത്തുന്നതിനായിവന്ന ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിന്റെ ഗവർണ്ണറും ദുബായ് സർക്കാരിന്റെ സുപ്രീം ഫിസ്കൽ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി അംഗവുമായ ശ്രീ. അഹമ്മദ് അൽ തായറിന്റെ നേതൃത്വത്തിലുള്ള ഡെലിഗേഷനുമായി 2-2-2011-ൽ മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ മിനിട്ട്സ് അനുബന്ധമായി വച്ചിരിക്കുന്നു.*

(സി) തർക്കവിഷയങ്ങൾ പരിഹരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly